പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3123 18.10.2016-ൽ മറുപടിയ്ക്ക്

## വിദ്യാലയങ്ങളിലെ സ്പോർട്സ് അടിസ്ഥാനസൗകര്യ വികസനത്തിനായുള്ള പദ്ധതികൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.എം.മുകേഷ് | | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) വിദ്യാലയങ്ങളിൽ സ്പോർട്സ് അടിസ്ഥാന സൗകര്യ വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത് ; ആയത് നടപ്പിലാക്കുന്നത് എപ്രകാരമാണ് ; | (എ) | നിലവിലുള്ള സ്മൈൽ പദ്ധതിപ്രകാരം നീന്തൽക്കുളം, സിന്തറ്റിക് ഫുട്ബോൾ ടർഫ്, മൾട്ടി സ്പോർട്സ് പ്ലേ സ്പെയ്സ്, ഫുട്ബോൾ കോർട്ട്, ലോംഗ് ജമ്പ് & ട്രിപ്പിൾ ജമ്പ് പിറ്റ്, കബഡി ഫ്ളോർ, ഷട്ടിൽ ബാഡ്മിന്റൺ കോർട്ട്, സ്പോർട്സ് പാർക്ക് ഫോർ ചിൽഡ്രൻ എന്നിവ പണിത് കൊടുക്കുന്നുണ്ട്. ഇതിനായി നിശ്ചിത മാനദണ്ഡങ്ങൾ അടങ്ങിയ അപേക്ഷ ഫാറം ലഭ്യമാണ്.<br><br>സംസ്ഥാനത്തെ കായികമേഖലയുടെ വളർച്ചയ്ക്ക് സ്കൂൾ കുട്ടികൾക്കും നീന്തൽ പരിശീലനം ലഭിക്കുന്നതിനായി സ്വിം ആന്റ് സർവൈവ് പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>പ്രൈമറിതലം മുതൽ ഓരോ കുട്ടിയേയും കായികക്ഷമത ഉള്ളവരാക്കുന്നതിനായി പ്ലേ ഫോർ ഹെൽത്ത് എന്ന പദ്ധതി നടപ്പിലാക്കിവരുന്നു.<br><br>വിദ്യാർത്ഥികളിൽ കായികശേഷിയും ബുദ്ധിശക്തിയും വർദ്ധിപ്പിക്കുന്നതിനും മാനസിക പിരിമുറുക്കങ്ങളിൽ നിന്നും രക്ഷ നേടുന്നതിനും വിദ്യാഭ്യാസവകുപ്പിന്റെ സഹായത്തോടെ യോഗപരിശീലനം സ്കൂളുകളിൽ എന്ന പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. |
| (ബി) കൊല്ലം മണ്ഡലത്തിലെ സ്കൂളുകളിൽ സ്പോർട്സ് അടിസ്ഥാന സൗകര്യ വികസനത്തിനായി പദ്ധതി തയ്യാറാക്കാൻ ജില്ലാ സ്പോർട്സ് കൗൺസിലിന് നിർദ്ദേശം നൽകുമോ ? | (ബി) | പരിശോധിക്കാവുന്നതാണ്. |

Mary M

സെക്ഷൻ ഓഫീസർ